(സി) ക്രൈം കേസുകൾ ചാർജ് ചെയ്തും അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തും ഡിപ്പാർട്ട്മെന്റിൽ നടപടികൾ കൈക്കൊണ്ടും കോടതിയുടെ പരിഗണനയ്ക്കു നൽകിയും നടപടി സ്വീകരിച്ചു വരുന്നു. കേസുകളുടെ വിശദവിവരം താഴെ ചേർക്കുന്നു:

തിരുവനന്തപുരം.—മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 163/03, കൈരളി ടി. വി. ക്യാമറമാനെ മർദ്ദിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി റഫർ ചാർജ് കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. നന്ദാവനം എ. ആർ. ക്യാമ്പിന് മുൻവശത്ത് 4-2-2004-ന് മീഡിയക്കാരോട് അപമര്യാദയായി പെരുമാറിയതിന് എ. ആർ. ക്യാമ്പിലെ കോൺസ്റ്റബിളിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

കോട്ടയം.—കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 103/04, ദേശാഭിമാനി സ്റ്റാഫ് റിപ്പോർട്ടർ ഷൈജുവിനെ ദേഹോപദ്രവം ഏൽപ്പിച്ചു എന്ന കാര്യത്തിന് പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

കോഴിക്കോട്.—ദീപിക മാധ്യമ പ്രവർത്തകരോടും സിറാജ് മാധ്യമ പ്രവർത്തകരോടും അപമര്യാദയായി പെരുമാറിയതിന്റെപേരിൽ കേസ് രജിസ്റ്റർ ചെയ്ത് എം.എസ്.പി.-യിലെ 6 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) 22 പരാതികൾ ലഭിച്ചിട്ടുണ്ട്. മേൽ പരാതികളിൻമേൽ ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതും, കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതായ പരാതികളിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

ഉടമസ്ഥരില്ലാതെ പൂട്ടിക്കിടക്കുന്ന വീടുകളിലെ മോഷണം

52 [53] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഉടമസ്ഥരില്ലാതെ പൂട്ടിക്കിടന്ന എത്ര വീടുകൾ മോഷണത്തിന് വിധേയമായിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം എത്ര തുകയുടെ നഷ്ടം ഉടമസ്ഥർക്ക് ഉണ്ടായിട്ടുണ്ട്;

(സി) ഇവയിൽ എത്ര കേസുകളിൽ മോഷ്ടാക്കളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2047 വീടുകളിൽ മോഷണം നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം (സിറ്റി)	. .	234
തിരുവനന്തപുരം (റൂറൽ)	. .	104
കൊല്ലം	. .	59
പത്തനംതിട്ട	. .	69
ആലപ്പുഴ	. .	46
കോട്ടയം	. .	115
ഇടുക്കി	. .	115
കൊച്ചി (സിറ്റി)	. .	69
എറണാകുളം (റൂറൽ)	. .	69
തൃശ്ശൂർ	. .	155
പാലക്കാട്	. .	126
മലപ്പുറം	. .	148
കോഴിക്കോട് (സിറ്റി)	. .	227
കോഴിക്കോട് (റൂറൽ)	. .	67
വയനാട്	. .	41
കണ്ണൂർ	. .	312
കാസർഗോഡ്	. .	91

(ബി) 9,95,28,101 (ഒൻപതു കോടി തൊണ്ണൂറ്റിയഞ്ചു ലക്ഷത്തി ഇരുപത്തി യെണ്ണായിരത്തി ഒരുനൂറ്റി ഒന്ന്) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) 584 കേസുകളിലെ മോഷ്ടാക്കളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പ്രിയദർശിനി ഹാൾ പരിസരത്തുണ്ടായ സംഘട്ടനം

53 [54] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.സി.സി. എക്സിക്യൂട്ടീവ് യോഗത്തോടനുബന്ധിച്ച് പ്രിയദർശിനി ഹാൾ പരിസരത്തുണ്ടായ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly